"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - കൊല്ലം ആശ്രാമം കെ.വി.യു.പി.എസ്.ലെ യു.പി.എസ്.ടി ശ്രീമതി ലിൻസി ജോൺ ഫയൽ ചെയ്ത WP(C)No.19038/2023-ന്മേൽ ബഹു. ഹൈക്കോടതി 13.06.2023 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1912/2024/GEDN തീയതി, തിരുവനന്തപുരം, 07-03-2024**

---

പരാമർശം:-

1. ശ്രീമതി ലിൻസി ജോൺ സമർപ്പിച്ച ഹർജി (Ext P8)
2. WP(C)No.19038/2023-ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 13.6.2023-ലെ വിധിന്യായം
3. കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23.08.2023-ലെ ഡി/734/2023നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.08.2023-ലെ എഫ്4/14053/2023/ഡി.ജി.ഇ നമ്പർ കത്ത്

<u>ഉത്തരവ്</u>

കൊല്ലം ആശ്രാമം കെ.വി.യു.പി.എസ്സ്.ലെ അപ്പർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ് ശ്രീമതി.ലിൻസി ജോൺ ഫയൽ ചെയ്ത WP(C)No. 19038/2023-ന്റെ 13.06.2023 തീയതിയിലെ വിധിന്യായത്തിൽ, ഹർജിക്കാരിയെ കേട്ട്, ടിയാരി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള EXT P8 (Revision Petition dated 30.09.2022)-ന്മേൽ തീരുമാനം കൈക്കൊള്ളുവാൻ ബഹു.ഹൈക്കോടതി ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരിയുടെ പ്രതിനിധി, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും വിദ്യാഭ്യാസ ഉപഡയറക്ടറുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും പ്രതിനിധികൾ എന്നിവരെ 24.08.2023 തീയതിയിൽ google meet മുഖേന കേൾക്കുകയുണ്ടായി.

**2.ഹർജിക്കാരിയായ ശ്രീമതി.ലിൻസി ജോണിന്റെ അപേക്ഷ ഇപ്രകാരമാണ്:**

ഹർജിക്കാരിയായ ശ്രീമതി. ലിൻസി ജോണിനെ കൊല്ലം ആശ്രാമം കെ.വി.യു.പി.സ്കൂൾ മാനേജർ 1.6.2018 മുതൽ യു.പി.എസ്.ടി തസ്തികയിൽ നിയമിച്ചു. ഇതേ സ്കൂളിലെ റഗുലർ യു.പി.എസ്.ടി ആയിരുന്ന ശ്രീ.കെ.എം.റ്റൈറ്റസ് 31.5.2018-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിലാണ് ഹർജിക്കാരിയെ നിയമിച്ചതെന്ന് നിയമന ഉത്തരവിൽ നിന്നും കാണാവുന്നതാണ്. ഹർജിക്കാരി യു.പി.എസ്.എ തസ്തികയിലേക്കുള്ള മറ്റ് യോഗ്യതകൾക്കു പുറമെ കെ-ടെറ്റ് കാറ്റഗി I പരീക്ഷ 8.12.2014-ൽ പാസ്സായിട്ടുള്ള അദ്ധ്യാപികയാണ്. ആശ്രാമം കെ.വി.യു.പി.സ്കൂൾ 1929-ൽ തുടങ്ങിയ യു.പി. സ്കൂളായതിനാൽ പുതുതായി തുടങ്ങിയ സ്കൂളുകളുടെ ഗണത്തിൽപ്പെടാത്തതും, അതിനാൽ തന്നെ 8.3.2019-ലെ ജെ 2/57/2019/പൊ.വി.വ നമ്പർ സർക്കാർ സർക്കുലറിലെ വിശദീകരണ പ്രകാരം സംരക്ഷിതാദ്ധ്യാപകനെ ഈ തസ്തികയിലേക്ക് നിയമിക്കേണ്ടതുമില്ല. എന്നാൽ നിയമനാംഗീകാരത്തിനുള്ള ശിപാർശ മാനേജർ കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചപ്പോൾ താഴെപ്പറയുന്ന കാരണങ്ങളാൽ നിയമനാംഗീകാരം നിരസിച്ചു.

1) നിയമനാംഗീകാരത്തിനുള്ള ശിപാർശ സമർപ്പിക്കുന്നതിന് 37 ദിവസത്തെ കാലതാമസം ഉണ്ടായി.

2) നിയമനം നടത്തിയത് അംഗീകൃത മാനേജരായിരുന്നില്ല.

(കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 10.1.2019-ലെ ഡി/2335/2018 നമ്പർ ഉത്തരവ്) തുടർന്ന് കൊല്ലം ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ മാനേജർ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ ഹർജി സമർപ്പിച്ചു. എന്നാൽ നിയമനം നടത്തിയത് അംഗീകൃത മാനേജർ അല്ല എന്നും നിയമനാംഗീകാരത്തിനുള്ള ശിപാർശ സമർപ്പിക്കുന്നതിൽ 37 ദിവസത്തെ കാലതാമസം ഉണ്ടായി എന്നുമുള്ള അതേ കാരണത്താൽ അപ്പീൽ ഹർജി നിരസിക്കുകയാണുണ്ടായത്. (19.6.2019-ലെ ബി1/767/2019/കെ.ഡി.സ് നമ്പറിലുള്ള കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ്)

തുടർന്ന് നിയമനാംഗീകാരത്തിനുള്ള ശിപാർശ സമർപ്പിക്കുന്നതിനുള്ള 37 ദിവസത്തെ കാലതാമസം മാപ്പാക്കുന്നതിന് മാനേജർ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എയിലെ ചട്ടം 8(1)-ന്റെ പ്രൊവിസോ പ്രകാരം

അപേക്ഷ സമർപ്പിക്കുകയും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ കാലതാമസം മാപ്പാക്കി ഉത്തരവായിട്ടുള്ളതുമാണ്.(കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 23.5.2019-ലെ ബി2/2030/2019/കെ.ഡിസ് നമ്പർ ഉത്തരവ്)

കാലതാമസം മാപ്പാക്കിയതിനെ തുടർന്ന് ഹർജിക്കാരിയുടെ നിയമനം അംഗീകരിച്ച് നൽകുന്നതിന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ഹർജി മാനേജർ സമർപ്പിച്ചു. എന്നാൽ ഹർജിക്കാരിയെ നിയമിച്ച മാനേജർ അംഗീകൃത മാനേജരല്ല എന്നും മാനേജ്മെന്റ് അവകാശം നിലനിൽക്കുന്നു എന്ന കാരണത്താൽ നിയമനാംഗീകാരം നിരസിച്ച് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായി. (കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 10.7.2020-ലെ ബി2/4038/2020/ കെ.ഡിസ് നമ്പർ ഉത്തരവ്)

ഈ വിഷയത്തിൽ കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച 2.9.2021-ലെ ഡി/35223/2022/കെ.ഡിസ് നമ്പർ ഉത്തരവിൽ ഇതേ സ്കൂളിലെ റഗുലർ യു.പി.എസ്.ടി ആയിരുന്ന ശ്രീമതി.മിനി സീനിയർ മോസ്റ്റ് അദ്ധ്യാപികയും വകുപ്പ് തല പരീക്ഷകൾ പാസ്സായിട്ടുള്ളതിനാലും പ്രഥമാദ്ധ്യാപക തസ്തികയിലെ ഒഴിവിൽ ടിയാളുടെ നിയമനം അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. ശ്രീമതി. മിനിയുടെ പ്രഥമാദ്ധ്യാപക തസ്തികയിലേക്കുള്ള നിയമന ശിപാർശ സമർപ്പിക്കുന്നതിന് അംഗികൃത മാനേജർ ഇല്ല എങ്കിലും പ്രഥമാദ്ധ്യാപക തസ്തികയിലെ ഒഴിവ് നികത്തേണ്ടത് അനിവാര്യമായതിനാലും പ്രസ്തുത നിയമനം മറ്റെല്ലാ തരത്തിലും ക്രമപ്രകാരമാണ് എന്ന കാരണത്താലുമാണ് ശ്രീമതി. മിനിയുടെ പ്രഥമാദ്ധ്യാപക തസ്തികയിലെ നിയമനം അംഗീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാണ്. (ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ2.9.2021-ലെ ബി/35223/2022/കെ.ഡിസ് നമ്പർ ഉത്തരവ്)

ഹർജിക്കാരിയായ ശ്രീമതി. ലിൻസി ജോണിന്റെ 1.6.2018 പ്രാബല്യത്തിലുള്ള വിരമിക്കൽ ഒഴിവിലെ നിയമനാംഗീകാരം അംഗീകൃത മാനേജരല്ല നിയമനം നടത്തിയത് എന്ന ഏക കാരണത്താലാണ് നിരസിക്കപ്പെട്ടിട്ടുള്ളത്.

താഴെപറയുന്ന കാരണങ്ങളാൽ ഹർജിക്കാരിയുടെ 1.6.2018 മുതലുള്ള വിരമിക്കൽ ഒഴിവിലെ നിയമനം അംഗീകരിച്ച് ഉത്തരവാകാവുന്നതാണ് -

i)സർക്കാർ പുറപ്പെടുവിച്ച 10.4.2012-ലെ 13402/ജെ2/12/പൊ.വി.വ നമ്പർ സർക്കുലറിൽ മാനേജ്മെന്റ് തർക്കം നിലനിൽക്കുന്ന കേസ്സുകളില്ലും നിയമനം മറ്റ് തരത്തിൽ ക്രമപ്രകാരമെങ്കിൽ

അംഗീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ii) 30.5.2006-ലെ ജി.ഒ.(ആർ.ടി) നമ്പർ 2198 /2006/പൊ.വി.വ.ൽ പത്തനംതിട്ട ജില്ലയിലെ റാന്നി-പെരിനാട് ഹൈസ്കൂളിൽ നിയമിക്കപ്പെട്ട നാല് ഹൈസ്കൂൾ അദ്ധ്യാപകരുടെ (ശ്രീമതി. എസ്.ഗീത, ശ്രീമതി. സന്ധ്യ കെ.നായർ, ശ്രീമതി. സീന തോമസ്, ശ്രീമതി. എ.വി. രജനി എന്നിവർ) പുതിയ നിയമനങ്ങൾ മറ്റെല്ലാ തരത്തിലും ക്രമപ്രകാരമായതിനാൽ അംഗീകൃത മാനേജരല്ല നിയമനം നടത്തിയതെങ്കിലും കേരളാ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ 2002 (KLT 406 DB) എന്ന വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ De facto Doctrine എന്ന നിയമതത്വ പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്.

iii) പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബി.എസ്.എസ്. ഹൈസ്കൂളിൽ ഹെഡ്മിസ്ട്രസ്സായി നിയമിക്കപ്പെട്ട ശ്രീമതി. ഇ.കെ. പ്രീതയുടെ നിയമനം അംഗീകരിച്ചുകൊണ്ടുള്ള 29.6.2020-ലെ സ.ഉ.(സാധാ)2203/2020 /പൊ.വി.വ.ലെ പ്രസക്തഭാഗം താഴെ ഉദ്ധരിക്കുന്നു.

"10.4.2012-ലെ 13402/ജെ 2/12/പൊ.വി.വ നമ്പർ സർക്കുലറിൽ മാനേജ്മെന്റ് തർക്കം നിയമനങ്ങളെ, നിയമനങ്ങൾ മറ്റുതരത്തിൽ ശരിയാണെങ്കിൽ ബാധിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്".

iv) പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച 6.6.2018-ലെ ഇ.എം.1-19309/18/ഡി.പി.ഐ/കെ.ഡി.സ് നമ്പർ ഉത്തരവിലെ പ്രസക്തഭാഗം താഴെ ഉദ്ധരിക്കുന്നു--

"അംഗീകാരമില്ലാത്ത മാനേജർ നിയമിച്ചതാണെങ്കിലും De-facto Manager എന്ന നിലയിൽ മറ്റെല്ലാ തരത്തിലും ചട്ടപ്രകാരമാണെങ്കിൽ നിയമനം അംഗീകരിക്കാവുന്നതാണെന്ന് നിലവിൽ കോടതിവിധികളുണ്ട്. അതിനെ തുടർന്നുള്ള സർക്കാർ ഉത്തരവുകളും (ജി.ഒ.(ആർ.ടി) നം. 2198/2006/പൊ.വി.വ. തീയതി 30.5.2006) നിലവിലുണ്ട്. ആയതിനാൽ ശ്രീമതി. ജീന വർഗ്ഗീസിനെ മറ്റെല്ലാ വിധത്തിലും യോഗ്യയാണെങ്കിൽ ടിയാളുടെ നിയമനം അംഗീകരിച്ച് നൽകാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുന്നു".

v) ഹർജിക്കാരിയുടെ നിയമനം വിരമിക്കൽ ഒഴിവിൽ 1.6.2018 പ്രാബല്യത്തിലാണ്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ WA No. 1602/2022 തുടങ്ങിയ കേസ്സുകളിലെ 13.3.2023-ലെ വിധിന്യായം നടപ്പാക്കി സർക്കാർ പുറപ്പെടുവിച്ച 24.3.2023-ലെ സ.ഉ.(കൈ) 29/2023/പൊ.വി.വ.ൽ ഭിന്നശേഷി സംവരണം 18.11.2018 മുതലുള്ള

ഒഴിവുകളിലാണ് ബാധകമാക്കേണ്ടതെന്ന് വ്യക്തമാക്കുന്നുണ്ട്. ഹർജിക്കാരിയായ ശ്രീമതി.ലിൻസി ജോണിനെ നിയമിച്ചത് 1.6.2018 പ്രാബല്യത്തിലായതിനാൽ ഭിന്നശേഷി സംവരണ നിബന്ധന ഹർജിക്കാരിയുടെ നിയമനത്തിന് ബാധകമാകുന്നതല്ല.

മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണനയിലെടുത്ത് ഹർജിക്കാരിയായ ശ്രീമതി. ലിൻസി ജോണിന്റെ 1.6.2018 പ്രാബല്യത്തിലുള്ള യു.പി.എസ്.ടി തസ്തികയിലെ വിരമിക്കൽ ഒഴിവിലെ നിയമനം മറ്റെല്ലാ തരത്തിലും ക്രമപ്രകാരമായതിനാൽ അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസൃതമായ നിർദ്ദേശം കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകി കോടതി വിധി നടപ്പാക്കണമെന്നും അപേക്ഷിക്കുന്നു.

**3. പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു:**

കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിലുള്ള ആശ്രാമം കെ.വി.യു.പി.എസ്.ലെ യു.പി.എസ്.റ്റി. ആയ ശ്രീ.കെ.എം.റ്റൈറ്റസ് 31/05/2018-ൽ വിരമിച്ച ഒഴിവിൽ ശ്രീമതി. ലിൻസി ജോണിനെ 01/06/2018 പ്രാബല്യത്തിൽ നിയമിക്കുകയുണ്ടായി. ടി നിയമന പ്രൊപ്പോസൽ സമർപ്പിച്ചതിൽ 37 ദിവസത്തെ കാലതാമസം വന്നിട്ടുള്ളതിനാലും, നിയമനം നടത്തിയിട്ടുള്ളത് അംഗീകൃത മാനേജർ അല്ലാത്തതിനാലും കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ ടി നിയമന പ്രൊപ്പോസൽ നിരസിച്ചു നൽകി.

ശ്രീമതി. ലിൻസി ജോണിന്റെ നിയമനം നിരസിച്ചതിനെതിരെ മാനേജർ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് അപ്പീൽ നൽകിയിരുന്നുവെങ്കിലും അത് ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു നൽകി, കാലതാമസം മാപ്പാക്കി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ 23/05/2019-ലെ ബി2/2030/2019/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം 37 ദിവസത്തെ കാലതാമസം മാപ്പാക്കി നൽകുകയും, ടിയാരിയുടെ നിയമനം മറ്റെല്ലാ തരത്തിലും യോഗ്യമെങ്കിൽ അംഗീകാരത്തിനായി പരിഗണിക്കുന്നതിന് കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

ആശ്രാമം കെ.വി.യു.പി.എസ്.ൽ നിലവിലുണ്ടായിരുന്ന മാനേജർ 02.11.2018-ൽ മരണപ്പെട്ട ശേഷം സ്കൂളിന്റെ ഭരണത്തിനായി നിയമാവലി തയ്യാറാക്കി സമർപ്പിച്ചിരുന്നുവെങ്കിലും മാനേജ്മെന്റ് അംഗങ്ങൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസം മൂലം നാളിതുവരെയും അത്

അംഗീകരിക്കപ്പെട്ടിട്ടില്ല. സ്കൂളിന്റെ ഭരണ നിർവ്വഹണത്തിനുവേണ്ടി അംഗീകാരത്തിനായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ച ഭരണ ഉടമ്പടി പിന്തുടർച്ചാവകാശികൾ തമ്മിൽ അഭിപ്രായ സമന്വയത്തിൽ എത്തിയിട്ടില്ലാത്തതിനാലും, പിൻതുടർച്ചാവകാശികൾ തമ്മിലുള്ള തർക്കങ്ങൾ ഒരു സിവിൽ കോടതി മുൻപാകെയാണ് പരിഗണിക്കപ്പെടേണ്ടത് എന്നുള്ള കാരണത്താലും വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ 16.07.2020-ലെ ബി2/4038/2020/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം നിരസിച്ച് നൽകുകയും സ്കൂളിൽ ഭരണപരമായ ശൂന്യത ഉണ്ടാകാതിരിക്കുന്നതിന് ചട്ടപ്രകാരം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ആഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു. നിലവിൽ ടി നിയമാവലി സംബന്ധിച്ച വിഷയം ഈ കാര്യാലയത്തിന്റെ പരിഗണനയിലാണ്.

ആശ്രാമം കെ.വി.യു.പി.എസ്.ൽ 01/04/2019 മുതൽ പ്രഥമാദ്ധ്യാപക ഒഴിവ് നിലവിലുണ്ടായിരുന്നു. മാനേജ്മെന്റ് തർക്കം നിലനിന്നിരുന്നതിനാൽ ശ്രീമതി. മിനി എൽ.ന് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ പ്രഥമാദ്ധ്യാപികയുടെ അധിക ചുമതല മാത്രം നൽകിയിരുന്നതുമാണ്. ശ്രീമതി മിനി എൽ.ന്റെ നിയമനവുമായി ബന്ധപ്പെട്ട് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മാർഗ്ഗനിർദേശം ആവശ്യപ്പെട്ടതിനെ തുടർന്നു 12.07.2022-ലെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ DDEKLM/2394/22-B2 നമ്പർ കത്ത് പ്രകാരം ചട്ടപ്രകാരമുള്ള യോഗ്യതകൾ നേടിയ മുൻഗണന അവകാശിയുടെ പ്രഥമാദ്ധ്യാപക തസ്തികയിലേക്കുള്ള പ്രൊമോഷൻ നിയമനം മാനേജ്മെന്റ് തർക്കം മൂലം പരിഗണിക്കാതിരിക്കുന്നത് അനുചിതവും, നിയമപ്രകാരവുമല്ലാത്തതിനാൽ ശ്രീമതി.മിനി എൽ., എൽ. പി.എസ്.റ്റി.യെ കെ.ഇ.ആർ. അധ്യായം XIV എ ചട്ടം 44, ചട്ടം 45 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പ്രഥമാധ്യാപക തസ്തികയിലെ നിയമനത്തിന് പൂർണ്ണയോഗ്യയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം, ഈ കാര്യാലയത്തിലെ 25-08-2021-ലെ DGE/6448/2020-H2 നമ്പർ കത്തിലെ മാർഗനിർദ്ദേശങ്ങൾ പ്രകാരം ടിയാരിയുടെ പ്രഥമാധ്യാപക തസ്തികയിലെ നിയമന സംഗതിയിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയുണ്ടായി. അതിനെ തുടർന്ന് ശ്രീമതി. മിനി എൽ പ്രഥമാധ്യാപിക നിയമനത്തിന് പൂർണയോഗ്യ ആയതിനാൽ 01/04/2019 പ്രാബല്യത്തിൽ ടിയാരിയുടെ പ്രഥമാധ്യാപക തസ്തികയിലെ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ച് നൽകിയിട്ടുള്ളതുമാണ്. ശ്രീമതി. ലിൻസി ജോണിന്റെ നിയമനം പുതിയ നിയമനം

ആയതിനാലും, മാനേജ്മെന്റ് തർക്കം നിലനിൽക്കുന്ന സാഹചര്യം ഉണ്ടായിരുന്നതിനാലുമാണ് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ ടി നിയമനം നിരസിച്ചു നൽകിയത്.

4. സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെ വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയുടെ 01.06.2018 പ്രാബല്യത്തിലുള്ള യു.പി.എസ്.ടി. തസ്തികയിലെ വിരമിക്കൽ ഒഴിവിലെ നിയമനം അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി സ്കൂളിലെ യു.പി.എസ്.ടി. ആയിരുന്ന ശ്രീ.കെ.എം.റ്റൈറ്റസ് 31.05.2018-ൽ വിരമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ ഹർജിക്കാരിയെ 01.06.2018 പ്രാബല്യത്തിൽ നിയമിച്ചു. നിയമന പ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ 37 ദിവസത്തെ കാലതാമസം വന്നതിനാലും, അംഗീകൃത മാനേജർ നടത്തിയിട്ടുള്ള നിയമനം അല്ലാത്തതിനാലും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും ജില്ലാ വിദ്യാഭ്യാസ ഓഫീസറും ടി നിയമനം നിരസിച്ചു. വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ നൽകിയെങ്കിലും കാലതാമസം മാപ്പാക്കി നൽകിയിട്ടുണ്ട്. സ്കൂളിൽ മാനേജ്മെന്റ് തർക്കം നിലനിൽക്കുന്നതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് താൽക്കാലിക ചുമതല നൽകി വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് നൽകിയിട്ടുണ്ട്. ടി സ്കൂളിലെ തന്നെ ശ്രീമതി. മിനി എൽ. ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റിന് മാനേജർ തർക്കം നിലനിന്നിട്ടും, KER അധ്യായം XIV A ചട്ടം 44, ചട്ടം 45 എന്നിവ പ്രകാരം 01.04.2019 മുതൽ പ്രധമാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് നൽകിയിട്ടുണ്ട്. ഹർജിക്കാരിക്ക് യു.പി.എസ്.ടി. നിയമനത്തിനുള്ള എല്ലാ യോഗ്യതകളും ഉണ്ടെന്നും ; മാനേജ്മെന്റ് തർക്കം മാത്രമാണ് തടസ്സമായി നിൽക്കുന്നതെന്നും; ടി പ്രൊപ്പോസൽ ഡയറക്ടർ പരിശോധിച്ചുവരുന്നുവെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ശ്രീമതി.ലിൻസി ജോണിന്റെ 1.6.2018 പ്രാബല്യത്തിലുള്ള വിരമിക്കൽ ഒഴിവിലെ നിയമനാംഗീകാരം അംഗീകൃത മാനേജരല്ല നിയമനം നടത്തിയത് എന്ന കാരണത്താലാണ് നിരസിക്കപ്പെട്ടിട്ടുള്ളത്. ഡി-ഫാക്ടോ മാനേജറായ വിദ്യാഭ്യാസ ഓഫീസർ തനിക്ക് താൽക്കാലികമായി ലഭിച്ചതായ മാനേജർ പദവിക്കു വിഹിതമായ ചുമതലകൾ സ്വാർത്ഥ താല്പര്യങ്ങൾക്കിടയില്ലാതെ നിർവ്വഹിക്കുന്ന നടപടി "de facto doctrine"- ന്റെ ഉദ്ദേശ്യശുദ്ധിക്കുള്ളിൽ വരുന്നതും, ആ നടപടിക്ക് നിയമപരിരക്ഷ ലഭ്യമാകുമെന്നും മാത്രമല്ല, അത്തരം നടപടികൾ ഒരു അംഗീകൃത മാനേജർ കൈക്കൊണ്ട നടപടിക്കു തുല്യമായി ഭാവിയിൽ

കണക്കാക്കപ്പെടേണ്ടതുമാണെന്ന് 12/01/2022-ലെ സ.ഉ(സാധാ.)നം. 290/2022/പൊ.വി.വ.ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ, 10.04.2012-ലെ സർക്കുലർ നം. 13402/J2/12/GEDN ഖണ്ഡിക 4-ൽ, മാനേജ്മെന്റ് തർക്കം നിലനിൽക്കുന്ന കേസുകളിൽ, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമനാംഗീകാരം നൽകാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

**6.** മേൽ സാഹചര്യത്തിൽ, ശ്രീമതി.ലിൻസി ജോൺ-ന്റെ വിരമിക്കൽ ഒഴിവിലുള്ള യു.പി.എസ്.ടി. നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ 01.06.2018 മുതൽ അംഗീകരിച്ചു നൽകുന്നതിന് കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള EXT P8 ഹർജി തീർപ്പാക്കി, അപ്രകാരം WP(C)No.19038/2023-മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 13.6.2023-ലെ പരാമർശം (2) വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REENA O

അണ്ടർ സെക്രട്ടറി

പകർപ്പ്: അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം )

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്), തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

ശ്രീമതി. ലിൻസി ജോൺ, യു.പി.എസ്.ടി, ആശ്രാമം കെ.വി. യു.പി.എസ്, കൊല്ലം

മാനേജർ, ആശ്രാമം കെ.വി. യു.പി.എസ്, കൊല്ലം.

പൊതുവിദ്യാഭ്യാസ (ജെ-എ) വകുപ്പ് (**JA1/277/2023/GEdn dtd 10.1.2024)**

വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 11-03-2024 12:01:32

സെക്ഷൻ ഓഫീസർ